(സി) അൾട്രാ സൗണ്ട് സ്കാനിംഗ് സെന്ററുകളെ നിയന്ത്രിക്കുന്നതിന് സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ നടത്തിവരുന്ന പി.സി. & പി.എൻ.ഡി.റ്റി. ആക്ട് ഇപ്പോൾതന്നെ നിലവിലുണ്ട്. ഈ നിയമം നടപ്പിലാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും നിയമ ലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുകവഴി ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ, നേഴ്സിംഗ് ഹോം തുടങ്ങിയവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്കുവേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്.

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി സി.എച്ച്.സി.

48 (713) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി സി.എച്ച്.സി.-യിൽ അറ്റന്റന്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ രോഗികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) എരുമപ്പെട്ടി സി.എച്ച്.സി.യിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2, ഹോസ്പിറ്റൽ അറ്റന്റന്റ് എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2-ന്റെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2 ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നികത്താൻ തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പബ്ലിക് ഹെൽത്ത് സെന്ററുകളിലെ ലബോറട്ടറി സംവിധാനം

49 (714) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പി.എച്ച്.സി.-കളിലും ലബോറട്ടറി സംവിധാനം ലഭ്യമാണോയെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലാബുകൾ ഇല്ലാത്ത പി.എച്ച്.സി.-കൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ ;

(സി) മുഴുവൻ പി.എച്ച്.സി.-കളിലും ലാബ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) എല്ലാ പി.എച്ച്.സി.കളിലും ലബോറട്ടറി സംവിധാനം നിലവിലില്ല.

(ബി) ലാബുകൾ ഇല്ലാത്ത പി.എച്ച്.സി.കൾ നിലവിലുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) എൻ.എച്ച്.എം.-ന്റെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ലാബുകളില്ലാത്ത ആരോഗ്യകേന്ദ്രങ്ങളിൽ ലാബുകൾ ആരംഭിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

കൊച്ചി ക്യാൻസർ സെന്റർ

50 (715) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വാർഷികാടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെയുള്ള നടപടിക്രമം വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസിൽ തുടങ്ങുവാൻ തറക്കല്ലിട്ടിരിക്കുന്ന കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്ററിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. വാർഷികാടിസ്ഥാനത്തിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly